ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കുറെ ആയിട്ടുള്ളതു് എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ റിപ്പോർട്ട് സെക്രട്ടറിയേറ്റിൽ കിട്ടിയിട്ടുണ്ടു്. സെക്രട്ടറിയേറ്റിൽ ക്രമപ്രകാരമുള്ള നടപടികൾ പൂർത്തിയായാൽ അതിനെസംബന്ധിച്ചു് അവസാനതീരുമാനം ചെയ്യുന്നതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവണ്മെൻറുവകയായി ഒരു കോൾഡ് സ്റ്റോറേജുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരെണ്ണം ഉണ്ടെന്നു തോന്നുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതിപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രവർത്തനം നടത്തുന്നില്ലെന്നാണു് തോന്നുന്നതു്. ഞാൻ ഓർമ്മയിൽനിന്നും പറയുകയാണു്; ശരിയാണോ എന്നു നിശ്ചയമില്ല.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: ഈ സംസ്ഥാനത്തെ ഫിഷറീസ് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ കോൾഡ്സ്റ്റോറേജ് സ്ഥാപിക്കുന്നതും ഉൾപ്പെട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. വെസ്റ്റുകോസ്റ്റു ഫിഷറീസിന്റെ വകയായി ഒരു കോൾഡ്സ്റ്റോറേജുസ്ഥാപനം ഉണ്ടു്. അതിപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള: കോൾഡ്സ്റ്റോറേജ് ഇല്ലാത്തതുകൊണ്ടു് നമുക്കു് എത്രമത്സ്യം നഷ്ടപ്പെടുന്നുണ്ടെന്നു് വല്ല കണക്കുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു കണക്കുകളില്ല. എങ്കിലും കോൾഡ്സ്റ്റോറേജുണ്ടെങ്കിൽ മത്സ്യവ്യവസായം കൂടുതൽ ഫലവത്തായി നടത്താൻ സാധിക്കുമെന്നാണു് അറിയുന്നതു്.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: തിരുവനന്തപുരം കോർപ്പറേഷനും മറ്റു മുനിസിപ്പാലിറ്റികളും കോൾഡ്സ്റ്റോറേജ് ഉണ്ടാക്കിക്കൊടുക്കണമെന്നു് ഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ ഇവിടെ ഒരു കോൾഡ്സ്റ്റോറേജുള്ളതു പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോട്ടീസുകൂടാതെ പറയാൻ സാധ്യമല്ല. അന്വേഷിച്ചുപറയാം.

അദ്ധ്യാപക പ്രോവിഡൻറ് ഫണ്ടു്

*൨൯൭. (൨൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു അദ്ധ്യാപകൻ ജോലിയിൽനിന്നു വിരമിച്ചുകഴിഞ്ഞാൽ എത്ര സമയത്തിനുള്ളിൽ അയാളുടെ പേരിലുള്ള പ്രോവിഡൻറ് ഫണ്ടു തുക അയാൾക്കു കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷ കൊടുത്തു ഏഴും എട്ടും മാസങ്ങൾ കഴിഞ്ഞിട്ടും തീർത്തിട്ടില്ലാത്ത പ്രൊവിഡൻറ ഫണ്ടു കണക്കുകൾ ഉണ്ടെന്നു പറയുന്നതു് വാസ്തവമാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അതിലേക്കു് ആവശ്യമായ പ്രമാണങ്ങൾ ഹാജരാക്കിയാൽ താമസംകൂടാതെ തുക കൊടുക്കുന്നതാണു്.

(ബി) പ്രമാണങ്ങൾ ഹാജരാക്കാനുള്ള താമസംകൊണ്ടു് ചിലരുടെ പ്രൊവിഡൻറഫണ്ടു് കണക്കുതീർക്കാൻ താമസമുണ്ടു്.

(സി) അതേ.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രമാണങ്ങൾ ഹാജരാക്കണമെന്നു പറയുന്നതു എന്തെല്ലാം പ്രമാണങ്ങളാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോൺലയബിലിറ്റി സർട്ടിഫിക്കറ മുതലായ ചില പ്രമാണങ്ങളെല്ലാം ഹാജരാക്കേണ്ടതുണ്ടു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: പ്രൈവറ്റ സ്കൂളിലെ അദ്ധ്യാപകന്മാർക്കും നോൺലയബിലിറ്റി സർട്ടിഫിക്കറ ആവശ്യമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആവശ്യമാണു്, അവർ ജോലിയിലിരുന്ന സ്കൂളിൽ യാതൊരു ലയബിലിറ്റിയുമില്ലെന്നു മാനേജരുടെ സർട്ടിഫിക്കറ ഹാജരാക്കേണ്ടതു ആവശ്യമാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അതു കിട്ടുന്നതിനു പലപ്പോഴും ആറേഴുമാസം താമസമുണ്ടാകുന്നുണ്ടെന്നറിയാമോ;

ശ്രീ. ടി. കെ. നാരായണപിള്ള: മാനേജരന്മാർ അങ്ങിനെ കാലതാമസപ്പെടുത്തുന്നുണ്ടെങ്കിൽ അതിൻറെ ഉത്തരവാദിത്വം ഗവണ്മെൻറിനല്ല. ഹാജരാക്കേണ്ട പ്രമാണങ്ങൾ ഹാജരാക്കിയാൽ കണക്കു തിട്ടപ്പെടുത്തി പണംകൊടുക്കുന്ന ചുമതലമാത്രമേ ഗവണ്മെൻറിനുള്ളൂ.

ശ്രീ റാഫേൽ ജെ. റൊഡ്രിഗ്സ്: വിവരങ്ങൾ ആവശ്യപ്പെടുന്നതുതന്നെ ഒരുമിച്ചു് ചെയ്യാതെ കാലതാമസം ഉണ്ടാകത്തക്കവിധത്തിൽ കുറേശ്ശകുറേശ്ശയായി ചെയ്തുവരുന്ന ഒരു പതിവുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഉദ്യോഗത്തിൽനിന്നും പിരിയുന്ന ഉദ്യോഗസ്ഥന്മാരോടു് ഉടനെതന്നെ നോൺലയബിലിറ്റി സർട്ടിഫിക്കറ ഹാജരാക്കണമെന്നു് ആവശ്യപ്പെടാറുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. എന്നുമാത്രമല്ല അതിനു് സ്റ്റാൻറിംഗ് ഓർഡറിൽതന്നെ പ്രത്യേകം വ്യവസ്ഥയും ഉണ്ടു്.

ഗൃഹനിർമ്മാണം

*ക്ഷ ന്യൂ. (ക്ഷ ൨) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗൃഹനിർമ്മാണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ക്ഷൻ ൫൦–൫൧–ലെ ബഡ്ജറ വ്യവസ്ഥയനുസരിച്ചു് എത്ര വീടുകൾ പാവപ്പെട്ടവർക്കു് പണിചെയ്തിച്ചുകഴിഞ്ഞു;

(ബി) അവ എവിടെയെല്ലാം; എത്രവീതം?

LIBRARY ARCHIVES Kerala Legislative Assembly